ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

നമ്പർ : **DTETVM/9158/2024-EA2 (EA)** തീയതി: **12-11-2025**

**03.11.2025** തീയതി ഉച്ചയ്ക്ക് **2** മണിക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ മലയാളഭാഷ വകുപ്പുതല ഏകോപന സമിതിയുടെ യോഗത്തിന്റെ നടപടികുറിപ്പ്.

മലയാളഭാഷാ വകുപ്പുതല ഏകോപന സമിതി യോഗം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ **03.11.2025** തീയതിയിൽ ഓണലൈൻ ആയി സംഘടിപ്പിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തുന്നു.

മലയാളഭാഷ വകുപ്പുതല ഏകോപന സമിതിയുടെ ഒക്ടോബർ മാസത്തെ യോഗം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ **03.11.2025** തീയതിൽ ഓൺലൈൻ ആയി കൃത്യം **2** മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗസ്ഥരെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വാഗതം ചെയ്തു. തുടർന്ന് സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് വിലയിരുത്തി. മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകൾ നൂറ് ശതമാനത്തിൽ എത്തിക്കുകയെന്ന വകുപ്പിന്റെ ലക്ഷ്യത്തെപ്പറ്റി ഡയറക്ടർ ഓർമിപ്പിച്ചു. പുതുതായി തുടങ്ങുന്ന എല്ലാതരത്തിൽ ഉള്ള ഫയലുകളിലും കുറഞ്ഞപക്ഷം നോട്ട് ഫയലുകൾ എങ്കിലും മലയാളത്തിൽ എഴുതാവുന്നതും, അത്തരത്തിൽ മലയാളത്തിൽ നോട്ടുകൾ എഴുതുന്നതിലൂടെ വകുപ്പിൽ മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകൾ നൂറ് ശതമാനത്തിൽ എത്തിക്കുകയെന്ന ലക്ഷ്യം പൂർത്തിയാക്കാൻ സാധിക്കുമെന്നും ഡയറക്ടർ അഭിപ്രായപ്പെട്ടു.

**2025** ലെ മലയാളദിനാഘോഷവും, ഭരണ ഭാഷാവാരാഘോഷം സംഘടിപ്പിക്കുന്നത്തിന്റെ ആവശ്യകത സംബന്ധിച്ചും, സ്ഥാപനങ്ങളുടെ പേര് മലയാളത്തിൽ പ്രദർശിപ്പിക്കാത്ത സ്ഥാപനങ്ങൾ ആയത് മലയാളത്തിൽ പ്രദർശിപ്പിക്കുന്നതിനുള്ള അടിയന്തിര ഇടപടലുകൾ സ്വീകരിക്കേണ്ടതാണെന്നും ഡയറക്ടർ കൂട്ടിചേർത്തു. വകുപ്പിലെ ജീവനക്കാർക്ക് മതിയായ മലയാളം കംപ്യൂട്ടിങ് പരിശീലനം ലഭ്യമായിട്ടുണ്ടോ എന്നത് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതാണ് എന്നും ഡയറക്ടർ അഭിപ്രായപ്പെട്ടു. മുൻ യോഗ തീരുമാനത്തിലെ നടപടികൾ വിലയിരുത്തി.

യോഗം കൃത്യം **3** മണിക്ക് അവസാനിച്ചു.

വിശ്വസ്തതയോടെ,

Signed by
Jayaprakash P
Date: 13-11-2025 11:09:18

**JAYAPRAKASH P**
**DIRECTOR**

പകർപ്പ്

**1.** ഈ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും **(www.dtekerala.gov.in)** എന്ന വെബ്സൈറ്റ് മുഖാന്തിരം.

**2.**സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.